# അല്ലാഹുവിന്റെ സംസാരം


**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ اللهُ )

**അവലംബ ഗ്രന്ഥം:** **فتح رب ال ية بتلخيص ا موية**

**വിവർത്തനം:** *ഹംസ ജമാലി*


അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസ പ്രകാരം അല്ലാഹു സംസാരിക്കുമെന്നാണ്. അത് അവന്ന് അനുയോജ്യമായ നിലയിലും യഥാർത്ഥത്തിലുമാണ്. അവന്റെ ഉദ്ദേശ്യ മനുസരിച്ച് അതിന്ന് അക്ഷരങ്ങളും ശബ്ദവുമുണ്ടായിരിക്കുന്നതാണ്. അല്ലാഹു സംസാരി ക്കുന്നവനാണെന്ന നിലക്ക് അവന്റെ സംസാരം സത്താപരമായ വിശേഷണമാകുന്നു (صفةٌ الذاتية). എന്നാൽ അപ്പപ്പോഴായി സംസാരിക്കുന്നതിനെ പരിഗണിച്ച് അത് പ്രവർത്തനാപരമായ വിശേഷണമാകുന്നു (صفةٌ الفعليةِ).

ഇത് വിശുദ്ധഖുർആനും തിരുസുന്നത്തും വ്യക്തമാക്കിയതാണ്. അല്ലാഹു പറയുന്നു:

وَلَمَّا جَآءَ مُوسَىٰ لِمِيقَـٰتِنَا وَكَلَّمَهُۥ رَبُّهُۥ

“നമ്മുടെ നിശ്ചിത സമയത്തിന് മൂസാ വരികയും അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ” (അൽ അഅ്റാഫ്: 143)

إِذْ قَالَ ٱللَّهُ يَـٰعِيسَىٰٓ إِنِّى مُتَوَفِّيكَ وَرَافِعُكَ إِلَىَّ

“അല്ലാഹു പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക) ഹേ ഈസാ തീർച്ചയായും നിന്നെ നാം പൂർണമായി ഏറ്റെടുക്കുകയും എന്റെ അടുക്കലേക്ക് നിന്നെ ഉയർത്തുകയും ചെയ്യുന്നതാണ്.” (ആലുഇംറാൻ : 55)

وَنَـٰدَيْنَـٰهُ مِن جَانِبِ ٱلطُّورِ ٱلْأَيْمَنِ وَقَرَّبْنَـٰهُ نَجِيًّا

“പർവ്വതത്തിന്റെ വലതു ഭാഗത്ത് നിന്ന് നാം അദ്ദേഹത്തെ വിളിക്കുകയും, രഹസ്യ സംഭാഷണത്തിന്നായി നാം അദ്ദേഹത്തിന് സാമീപ്യം നല്കുകയും ചെയ്തു.” (മർയം: 52)

ഒന്നാമത്തെ ആയത്തിൽ അല്ലാഹുവിന്റെ സംസാരം അവന്റെ ഉദ്ദേശ്യമനുസരിച്ചാകുന്നുവെന്ന് സ്ഥിരീകരിക്കുന്നു. അത് അപ്പപ്പോൾ ഉണ്ടാകുന്നതാകുന്നു. (കാരണം ഇവിടെ

സംസാരമുണ്ടായത് മൂസാനബി(ﷺ)ന്റെ വരവിന്ന് ശേഷമാണ് എന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യവുമായി ബന്ധപ്പെട്ടുകിടക്കുന്നു)

രണ്ടാമത്തെ ആയത്ത് അത് അക്ഷരങ്ങളോടു കൂടിയതും സംസാരവുമാണെന്നതിന് തെളിവാകുന്നു.

മൂന്നാമത്തെ ആയത്ത് അല്ലാഹുവിന്റെ സംസാരം ശബ്ദമുള്ളതാണെന്ന് അറിയിക്കുന്നു. കാരണം ശബ്ദമില്ലാതെ വിളിക്കുന്നതും സംസാരിക്കുന്നതും ഉണ്ടാവുയില്ല എന്നത് വാസ്തവവുമാണ്.

നബി(ﷺ) പറഞ്ഞു:

يقول ا تعا : يا آدم. فيقول: لبيك وسعديك. فينادي بصوت: إن ا يأمرك أن تخرج من ذريتك بعثاً إ النار

‘‘അന്ത്യദിനത്തിൽ അല്ലാഹു പറയും: ‘‘ഓ ആദം’’ അപ്പോൾ അദ്ദേഹം (ആദം) പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞാനിതാ ഉത്തരം നല്കിയിരിക്കുന്നു. ഉടനെ ശബ്ദത്തോടെ വിളിച്ചു പറയപ്പെടും. നിന്റെ സന്തതികളിൽ നിന്ന് ഒരു സംഘത്തെ നരകത്തിലേക്ക് അയക്കുക എന്ന്’’ (ബുഖാരി 4372, അഹ്മദ്: 3/32)

അല്ലാഹുവിന്റെ സംസാരം അത് പദവും അർത്ഥവുമടങ്ങിയതാകുന്നു. അല്ലാതെ അത് പദം മാത്രമോ അർത്ഥം മാത്രമോ അല്ല. ഇതാണ് അഹ്ലുസ്സുന്നത്തിന്റെ വിശ്വാസം.

അല്ലാഹുവിന്റെ സംസാരത്തെ സംബന്ധിച്ച് അഹ്ലുസ്സുന്നത്തുമായി വിയോജിക്കുന്നവരെ ക്കുറിച്ച് [1]مختصر الصواعق المرسلة എന്ന ഗ്രന്ഥത്തിൽ നിന്നും ചുരുക്കി വിവരിക്കാം.

1) കറാമിയാക്കൾ: [2] അഹ്ലുസ്സുന്നത്തിന്റെ വിശ്വാസം തന്നെയാണ് ഇവ്വിഷയകമായി ഇവർക്കും ഉള്ളതെങ്കിലും അല്ലാഹുവിന്റെ സംസാരം മുമ്പ് ഇല്ലാതിരുന്ന ഒന്നായിരുന്നു, അത് പിന്നീട് ഉണ്ടായതാകുന്നുവെന്ന വ്യത്യാസമുണ്ട്.

2) അൽകുല്ലാബിയ്യ: [3] അല്ലാഹുവിന്റെ സംസാരം എന്നത് അവന്റെ ജീവൻ (الحياة), അറിവ് (العلم) എന്നിവ പോലെ അവന്റെ സത്ത(ذات)യോട് ചേർന്നുനില്ക്കുന്നതാകുന്നു. അതിനാൽ അതിന് (അല്ലാഹുവിന്റെ കലാം) അവന്റെ ഉദ്ദേശ്യവുമായി ബന്ധമില്ല. അവന്റെ

---

[1] ഇമാം ഇബ്നുൽഖയ്യിം (رحمه الله) അല്ലാഹുവിന്റെ വിശേഷണങ്ങളെ പാടെ നിഷേധിക്കുന്ന ജഹ്മിയാക്കളെ പോലെയുള്ളവർക്ക് മറുപടിയായി രചിച്ചതാണീ ഗ്രന്ഥം.

[2] ഹിജ്റ: 255ൽ മരണപ്പെട്ട മുഹമ്മദുബ്നു കറാം എന്നയാളെ പിന്തുടരുന്ന കക്ഷിയാണിത്. അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളുടെ വിഷയത്തിൽ സാദൃശ്യവാദികളോട് ചായ്വുള്ളവരും, ഈമാനിന്റെ കാര്യത്തിൽ മുർജിആക്കളുടെ വിശ്വാസമായ പ്രവർത്തനങ്ങൾ വിശ്വാസങ്ങളിൽ നിന്ന് വേർപ്പെടുത്തി അവയെ പരലോകത്തേക്ക് പിന്തിപ്പിക്കുന്നവരാണ്. അഥവാ പ്രവർത്തനം ഈമാനിൽപെട്ടതല്ല എന്നാണിവരുടെ വിശ്വാസം.

[3] അബ്ദുല്ലാഹിബ്നു സഈദ് ബ്നു കുല്ലാബുൽ ബസരീയെ പിന്തുടർന്നവരാണിവർ. വിശ്വാസപരമായി വളരെ ഏറെ കാര്യങ്ങളിൽ ഇവർ അഹ്ലുസ്സുന്നത്തിനോട് യോജിക്കുന്നുവെങ്കിലും അല്ലാഹുവിന്റെ നാമ വിശേഷണങ്ങളിൽ അഹ്ലുസ്സുന്നത്തിനോട് എതിരാകുന്നു.

സത്തയിലുള്ള അർത്ഥത്തെ അറിയിക്കുന്നതിന്നായി സൃഷ്ടിച്ചതാണ് അവനിൽ നിന്ന് ഉദ്ധരിക്കപ്പെട്ട അക്ഷരങ്ങളും ശബ്ദങ്ങളും.[4] ഇത് നാലെണ്ണമാകുന്നു; ആജ്ഞ (أمر), നിരോധാജ്ഞ (نهي), പ്രസ്താവന (خبر), അന്വേഷണം (استخبار).

3) അശ്അരികൾ: ഈ വിഷയത്തിൽ കുല്ലാബിയാക്കളെപ്പോലെത്തന്നെയാണിവരുടെ വിശ്വാസവും. പക്ഷേ രണ്ടു വിഷയങ്ങളിൽ ഇവർ ഭിന്നാഭിപ്രായക്കാരാണ്.

ഒന്ന്: അല്ലാഹുവിന്റെ കലാമിന്റെ അർത്ഥത്തിലാണ്. അതിന്ന് നാല് അർത്ഥങ്ങളുണ്ടെന്നാണ് കുല്ലാബിയാക്കൾ പയുന്നതെങ്കിൽ അശ്അരികൾ പറയുന്നത് ആ നാല് അർത്ഥങ്ങളും ഒരേ അർത്ഥം മാത്രമാകുന്നു എന്നാണ്. അവ അല്ലാഹുവിന്റെ കലാമിന്റെ ഇനങ്ങളല്ല. മറിച്ച് അത് അല്ലാഹുവിനുള്ള വിശേഷണങ്ങളാണ്. തൗറാത്തും ഇഞ്ചീലും ഖുർആനും അതിലോരോന്നും മറ്റുള്ളവയെപ്പോലെതന്നെയാകുന്നു. വാചകത്തിലല്ലാതെ വ്യത്യാസമില്ല.

രണ്ട്: കുല്ലാബിയാക്കൾ പറയുന്നു അക്ഷരങ്ങളും ശബ്ദങ്ങളും അല്ലാഹുവിന്റെ കലാമിനെ വെളിവാക്കാനുള്ളതാകുന്നു.[5] എന്നാൽ അശ്അരികൾ പറയുന്നത് അത് അല്ലാഹുവിന്റെ കലാമിനെ (പ്രകടിപ്പിക്കാനുള്ള) വാചകങ്ങളാകുന്നുവെന്നാണ്.[6]

4) സാലിമിയ്യാക്കൾ:[7] അല്ലാഹുവിന്റെ സംസാരം എന്നത് അവന്റെ ജീവൻ, അറിവ് എന്നിവപോലെ അവന്റെ സത്ത(ذات)യോട് ചേർന്നു നില്ക്കുന്നതാകുന്നു. അതിനാൽ അതിന് അവന്റെ ഉദ്ദേശ്യവുമായി ബന്ധമില്ല. അവയിലൊന്ന് മറ്റൊന്നിനെ മുൻകടക്കാത്ത രീതിയിൽ അത് അക്ഷരങ്ങളും ശബ്ദങ്ങളും ചേർന്നുകിടക്കുന്നതാണ്. ഉദാഹരണത്തിന് بسملة എന്നതിലെ باء , سين , ميم ഈ ഓരോ അക്ഷരങ്ങളും ഒരേ സമയത്തു തന്നെ ഒന്നു മറ്റൊന്നിനോട് വരുന്നതും പണ്ടുമുതലേ അത് അങ്ങനെയായിരുന്നു. അത് അങ്ങനെത്തന്നെ നിലനിൽക്കുകയും ചെയ്യുന്നതാകുന്നു.

5) ജഹ്മിയാക്കളും മുഅ്തസിലകളും പറയുന്നത്: അല്ലാഹുവിന്റെ സംസാരം സൃഷ്ടികളിൽപ്പെട്ടതാകുന്നു, അത് അവന്റെ വിശേഷണത്തിൽ പെട്ടതല്ല. എന്നാൽ പിന്നീട് ജഹ്മിയാക്കളിൽ ചിലർ അല്ലാഹുവിന്റെ സംസാരത്തെ പാടെ നിഷേധിക്കുകയും മറ്റു ചിലർ അത് അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന് സ്ഥിരീകരിക്കുകയും ചെയ്യുകയുണ്ടായി.

6) പിൽക്കാലത്തുവന്ന തത്വചിന്തകനായ അരിസ്റ്റോട്ടിലിനെ പിന്തുടർന്നവർ: ഉയർന്നു ചിന്തിക്കുന്ന ബുദ്ധിയിൽ നിന്ന് ഉന്നതവും പരിശുദ്ധവുമായ മനസ്സുകൾ സ്വീകരിക്കുന്ന തനുസരിച്ച് ഒഴുകി വരുന്നതാണിത്. അത് മൂലം അവരുടെ മനസ്സിൽ സങ്കൽപങ്ങളും അംഗീകാരങ്ങളുമുണ്ടാക്കുന്നു. ഈ സങ്കൽപങ്ങളും ചിന്തയിലുദിച്ച അംഗീകാരങ്ങളും കാതുകളിൽ കേൾക്കുന്ന സംസാരമായി മാറുന്നുവെന്നതാണിത്.

---

[4] ഇവരുടെ വാദ പ്രകാരം അല്ലാഹുവിന്റെ കലാമിന് ആന്തരിക സംസാരം (കലാം നഫ്സി) അഥവാ അവന്റെ സത്തയിലുള്ള അർത്ഥം എന്നു പറയുന്നു. ആ കലാം നഫ്സി പ്രകടിപ്പിക്കാൻ അല്ലാഹു അക്ഷരങ്ങളും ശബ്ദങ്ങളും സൃഷ്ടിച്ചു.

[5] അഥവാ അക്ഷരങ്ങളും ശബ്ദങ്ങളും അല്ലാഹുവിന്റെ കലാമിന്റെ ഭാഗമല്ല.

[6] അഥവാ അല്ലാഹുവിന്റെ കലാമും വാചകവും വേറിട്ടു നിൽക്കുന്നു.

[7] മുഹമ്മദുബ്നു സാലിം എന്ന വ്യക്തിയെ പിന്തുണക്കുന്ന കക്ഷിയാണിവർ. അല്ലാഹുവിന്റെ നാമ-വിശേഷണങ്ങൾ സൃഷ്ടികളോട് സാദൃശ്യമായതാണെന്ന് വിശ്വസിക്കുന്നവരാണിവർ.

7) അദ്വൈതവാദികൾ: പ്രപഞ്ചത്തിലുള്ളതെല്ലാം ഒന്നാകുന്നു എന്ന് പറയുന്നവരുടെ വിശ്വാസം പ്രപഞ്ചത്തിലുള്ള എല്ലാ സംസാരവും ദൈവത്തിന്റെ സംസാരമാകുന്നുവെന്നതാണ്. അവരിലൊരാൾ പറയുകയുണ്ടായി:

وكل كلام الوجود كلامه، سواء علينا نثره ونظامه

''നാമാണ് അത് സംസാരിക്കുന്നതെങ്കിലും നിലവിലുള്ള എല്ലാ സംസാരങ്ങളും അവന്റെ സംസാരമാകുന്നു.''

മേൽപറഞ്ഞ ഈ അഭിപ്രായങ്ങളെല്ലാം വിശുദ്ധ ഖുർആനിന്നും തിരുസുന്നത്തിന്നും ബുദ്ധിക്കും വിരുദ്ധമാകുന്നു. അല്ലാഹു അറിവും വിജ്ഞാനവും നല്കിയവർക്ക് അത് മനസ്സിലാകുന്നതാണ്.

**ഖുർആൻ അല്ലാഹുവിന്റെ കലാമാണ്**

അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസം ഖുർആൻ അല്ലാഹുവിന്റെ വചനമാണ് (كلام الله) അത് അവന്റെ സൃഷ്ടിയല്ല. അത് അവനിൽനിന്നിറക്കപ്പെട്ടതാകുന്നുവെന്നതാണ്. അത് അവനിൽ നിന്നു തുടങ്ങി അവനിലേക്കു തന്നെ മടങ്ങുകയും ചെയ്യും. അത് അവൻ യഥാർഥത്തിൽ സംസാരിക്കുകയും ജിബ്‌രീൽ(عليه السلام)ന് ഇട്ടുകൊടുക്കുകയും ചെയ്യുകയുണ്ടായി. അദ്ദേഹം അത് മുഹമ്മദ് നബി(ﷺ)യുടെ ഹൃദയത്തിൽ നിക്ഷേപിക്കുകയായിരുന്നു. വിശുദ്ധ ഖുർആനും തിരുസുന്നത്തും ഇത് വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

وَإِنْ أَحَدٌ مِّنَ ٱلْمُشْرِكِينَ ٱسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَٰمَ ٱللَّهِ

''ബഹുദൈവ വിശ്വാസികളിൽ വല്ലവനും നിന്റെയടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം (ഖുർആൻ) അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നല്കുക.'' (അത്തൗബ: 6)

മറ്റൊരധ്യായത്തിൽ പറയുന്നു:

كِتَٰبٌ أَنزَلْنَٰهُ إِلَيْكَ

''നിനക്ക് നാം അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്.'' (ഇബ്‌റാഹീം: 1)

മറ്റൊരധ്യായത്തിൽ പറയുന്നു:

نَزَلَ بِهِ ٱلرُّوحُ ٱلْأَمِينُ . عَلَىٰ قَلْبِكَ لِتَكُونَ مِنَ ٱلْمُنذِرِينَ . بِلِسَانٍ عَرَبِيٍّ مُّبِينٍ

''വിശ്വസ്താത്മാവ് (ജിബ്‌രീൽ) നിന്റെ ഹൃദയത്തിൽ അതുംകൊണ്ട് ഇറങ്ങിയിരിക്കുന്നു. നീ താക്കീതു നല്കുന്നവരുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്) തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥങ്ങളിലുമുണ്ട്.'' (അശ്ശുഅറാ: 193-195)

നബി(ﷺ) ജനങ്ങൾക്കു മധ്യേനിന്നുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി:

ألا رجل مل إ قومه لأبلغ كلام ر ، فإن قريشاً قد منعو أن أبلغ كلام ر ﷻ

''എന്റെ രക്ഷിതാവിന്റെ വചനങ്ങൾ എത്തിച്ചുകൊടുക്കുന്നതിന്നായി തന്റെ ജനതയിലേക്ക് എന്നെ കൊണ്ടുപോകാൻ ഒരാളുമില്ലേ? കാരണം എന്റെ രക്ഷിതാവിന്റെ വചനങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് ഖുറൈശികളിതാ എന്നെ തടയുന്നു.'' (സ്വഹീഹു അബീദാവൂദ് : 4734)

നബി(ﷺ) ബറാഉബ്നു ആസിബ്(ﷺ)വിനോട് ഉറങ്ങാൻ കിടക്കുമ്പോൾ ഇപ്രകാരം പ്രാർഥിക്കാൻ പറയുകയുണ്ടായി:

اللهم أسلمت نفسي إليك ووجهت وجهي إليك وفوضت أمري إليك وأ أت ظهري إليك، رغبة ورهبة إليك، لا ملجأ ولا منجى منك إلا إليك، آمنت بكتابك الذي أنزلت وبنبيك الذي أرسلت

''അല്ലാഹുവേ, എന്നെ ഞാൻ നിന്നിലേൽപ്പിക്കുകയും എന്റെ മുഖം നിന്നിലേക്ക് തിരിക്കുകയും എന്റെ കാര്യങ്ങൾ നിന്നിലർപ്പിക്കുകയും എന്റെ മുതുകിനെ ഞാൻ നിന്നിലേക്ക് ഏൽപിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ പ്രതിഫലത്തെ കാംക്ഷിച്ചുകൊണ്ടും നിന്റെ ശിക്ഷയെ ഭയന്നുകൊണ്ടുമാണ് (അങ്ങനെ ചെയ്തത്) നിന്നിലേക്ക് മടങ്ങുകയല്ലാതെ നിന്റെ ശിക്ഷയിൽ നിന്ന് മറ്റ് അഭയമോ രക്ഷയോ ഇല്ല. നീ അവതരിപ്പിച്ച വേദത്തിലും നിന്റെ പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു.'' (ബുഖാരി:5840, മുസ്ലിം 4885)

താബിഇയായ അംറുബ്നു ദീനാർ (رحمه الله) പറയുകയുണ്ടായി:

أدركت الناس منذ سبع سنةً يقولون: ا ا الق وما سواه لوق، إلا القرآنُ فإنه كلام ا غ لوق منه بدأ وإليه يعود

''അല്ലാഹു സ്രഷ്ടാവും അവനല്ലാത്ത ഖുർആനൊഴിച്ച് ബാക്കിയുള്ളവയെല്ലാം സൃഷ്ടിയുമാണെന്ന് എഴുപത് വർഷമായി ജനങ്ങൾ പറയുന്നതായി ഞാൻ കേട്ടുവരുന്നു. ഖുർആൻ സൃഷ്ടിയല്ല അത് അല്ലാഹുവിന്റെ വചനമാകുന്നു. അത് അവനിൽ നിന്ന് തുടങ്ങി അവനിലേക്കുതന്നെ മടങ്ങുകയും ചെയ്യും.'' (മജ്മൂഉഫതാവാ ഇബ്നുതൈമിയ്യ 1/248)

''അത് അവനിൽ നിന്ന് തുടങ്ങി (منه بدأ)'' എന്നതിന്റെ അർത്ഥം അല്ലാഹുവാണ് ആദ്യമായി അത് സംസാരിച്ചത് എന്നാകുന്നു. ഇത് 'അല്ലാഹു അവനല്ലാത്തതിൽ ഖുർആനിനെ സൃഷ്ടിച്ചിരിക്കുന്നു' എന്ന ജഹ്മിയാക്കളുടെ വിശ്വാസത്തിന് മറുപടിയും കൂടിയാകുന്നു.[8]

---

[8] വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന് ജഹ്മിയാക്കളെ പോലുള്ള ചില കക്ഷികൾ വാദിച്ചിരുന്നു. ഇമാം അഹ്മദുബ്നു ഹമ്പൽ(رحمه الله) ഈ വിഷയത്തിൽ ഇസ്ലാമിന്റെ നേരായവശം പറഞ്ഞത് കാരണത്താൽ ജയിൽവാസമനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഖുർആൻ അല്ലാഹുവിന്റെ കലാമാണെന്നതാണ് അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസം.

എന്നാൽ ''അവനിലേക്ക് തന്നെ മടങ്ങുകയും ചെയ്യും (وإليه يعود)'' എന്നതിന് രണ്ടർഥ ങ്ങളുണ്ട്:

**ഒന്ന്:** ഖുർആൻ സംസാര(الكلام)മെന്ന വിശേഷണമായി അവനിലേക്ക് മടങ്ങുന്നു. അതായത് ഖുർആനിനെ അല്ലാഹുവിന്റെ വചനമല്ലാതെ മറ്റൊരാളിലേക്കും ചേർത്തു പറയപ്പെടുകയില്ല. കാരണം അവനാണ് അത് സംസാരിച്ചത്. സംസാരമെന്നത് സംസാരിക്കുന്നവന്റെ വിശേഷണമാകുന്നു.

**രണ്ട്:** അത് മുസ്ഹഫുകളിൽ നിന്നും ഹൃദയങ്ങളിൽ നിന്നും ഒരു രാത്രിയിൽ ഉയർത്തപ്പെടും എന്ന ചില സ്വഹാബി വചനങ്ങളിൽ (الآثار) വന്നിട്ടുള്ളതുപോലെ അല്ലാഹുവിലേക്കുതന്നെ ഉയർത്തപ്പെടുന്നതാകുന്നു. അഥവാ ജനങ്ങൾ ഈ ഖുർആനനുസരിച്ച് പ്രവർത്തിക്കാതാ കുകയും അതിനെ അവഗണിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ആദരവെന്നോളം അത് ജനങ്ങളിൽ നിന്നും ഉയർത്തപ്പെടുന്നതാകുന്നു.[9]

### വിശുദ്ധ ഖുർആൻ പാരായണം

ഖുർആൻ അല്ലാഹുവിന്റെ വചനമാണ് (كلام الله) സൃഷ്ടിയല്ല എന്ന് നാം വിവരിക്കുക യുണ്ടായി. എന്നാൽ ഖുർആനിന്റെ പാരായണം സൃഷ്ടിയാണെന്നോ അല്ലെന്നോ പറയാമോ? അതോ മൗനം പാലിക്കുകയാണോ ചെയ്യേണ്ടത്?

**ഉത്തരം:** ഈ വാക്കുകൾ സൃഷ്ടിയാണെന്നോ അല്ലെന്നോ മൊത്തത്തിൽ പയാവുന്നതല്ല. എന്നാൽ വിശദമായി പറയുമ്പോൾ ഈ വാക്കുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്; അടിമയുടെ പ്രവർത്തിയായ ഉച്ചരിക്കലാണ് എങ്കിൽ അത് സൃഷ്ടിയാണെന്ന് വരുന്നു. കാരണം അടിമയും അവന്റെ പ്രവർത്തനവും സൃഷ്ടികളാകുന്നു. ഇനി ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ വചനമാണെങ്കിൽ അപ്പോളത് സൃഷ്ടിയല്ല. കാരണം അല്ലാഹുവിന്റെ സംസാരം അവന്റെ വിശേഷണങ്ങളിൽപ്പെട്ടതാകുന്നു. അവന്റെ വിശേഷണമാകട്ടെ സൃഷ്ടിയല്ല താനും. ഇമാം അഹ്മദ് (رحمه الله) പറഞ്ഞത് ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു:

من قال لفظي بالقرآن  لوق، يريد به القرآنَ، فهو جهمي

''ഞാൻ ഖുർആൻ ഓതുന്നതിനെ ഖുർആനാണെന്ന ഉദ്ദേശ്യത്തോടെ ആരെങ്കിലും സൃഷ്ടിയാണെന്ന് പറയുകയാണെങ്കിൽ അവൻ ജഹ്മിയാക്കളിൽപ്പെട്ടവനാകുന്നു.''

ഇവിടെ ഇമാം അവർകളുടെ 'ഖുർആനാണെന്ന ഉദ്ദേശ്യത്തോടെ (يريد به القرآنَ)' എന്ന വാക്ക് ഖുർആനാണെന്ന ഉദ്ദേശ്യമില്ലാതെ വെറും ഉച്ചരിക്കുക എന്ന പ്രവർത്തിയെ ആണെങ്കിൽ അവൻ ജഹ്മിയാക്കളിൽപ്പെട്ടവനാകുന്നതല്ല എന്നറിയിക്കുന്നു.

[9] സിൽസിലസ്സഹീഹ: നമ്പർ 87, സ്വഹീഹു ഇബ്നുമാജ: 4049